**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്-തിരുവമ്പാടി ഗ്രാമപഞ്ചായത്ത് - 2017-18 വാർഷിക പദ്ധതി -'ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷീനറികളും ജനറേറ്ററും വാങ്ങൽ' എന്ന പ്രോജക്റ്റ് സ്പിൽ ഓവറായി നടപ്പിലാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2194/2018/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 08/08/2018

പരാമർശം:- 1 തിരുവമ്പാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 28/05/18 ലെ A2/6500/17 നമ്പർ കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 06/06/18ലെ പ്രത്യേക വിഷയങ്ങളിലെ തിരുമാനം നമ്പർ 4.12

**<u>ഉത്തരവ്</u>**

തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിക്കുന്നതിന് താഴെപ്പറയുന്ന രണ്ട് പ്രോജക്ടുകൾക്ക് ജില്ലാആസൂത്രണ സമിതി അനുമതി നൽകിയിരുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റ് | അടങ്കൽ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 255/18 | ഗ്യാസ് ക്രിമിറ്റോറിയം നിർമ്മാണം | 12,00,000/- | അസിസ്റ്റന്റ് എൻജിനീയർ |
| 262/18 | ഗ്യാസ് ക്രിമിറ്റോറിയത്തിലേക്ക് ആവശ്യമായ മെഷീനറികളും ജനറേറ്ററും വാങ്ങൽ | 27,00,000/- | പഞ്ചായത്ത് സെക്രട്ടറി |

2) മേൽ രണ്ട് പ്രോജക്ടുകളിൽ ഗ്യാസ് ക്രിമറ്റോറിയം കെട്ടിട നിർമ്മാണം ഇ-ടെണ്ടർ ചെയ്ത് കെട്ടിട നിർമ്മാണ പ്രവൃത്തി നടന്നുവരികയാണ്. കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ മെഷീനറി വാങ്ങൽ എന്ന പ്രോജക്റ്റ് നടപ്പിലാക്കാൻ കഴിയുകയുള്ളൂ. രണ്ടാമത്തെ പ്രോജക്റ്റ് 2018 മാർച്ച് 31 ന് മുമ്പ് എഗ്രിമെന്റ് വെക്കാനോ പർച്ചേയ്സ് ഓർഡർ നൽകാനോ കഴിഞ്ഞിരുന്നില്ല. ആയതിനാൽ 'ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷീനറികളും ജനറേറ്ററും വാങ്ങൽ' എന്ന പ്രോജക്റ്റ് മാറ്റമില്ലാത്ത സ്പിൽ ഓവറായി പരിഗണിച്ച് കാറ്റഗറി 1 ൽ ഉൾപ്പെടുത്തി 2017-18 വർഷത്തെ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ആവശ്യപ്പെട്ടിരുന്നു.

3)പരാമർശം (2) ലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി

പരിശോധിച്ചു. ഭൗതികമായ ലക്ഷ്യം ഒന്നായതിനാൽ തിരുവമ്പാടി ഗ്രാമപഞ്ചായത്തിലെ 2017-2018 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന 'ഗ്യാസ് ക്രിമറ്റോറിയത്തിലേക്ക് ആവശ്യമായ മെഷീനറികളും ജനറേറ്ററും വാങ്ങൽ' എന്ന പ്രോജക്ട് മാറ്റമില്ലാത്ത സ്പിൽ ഓവറായി പരിഗണിച്ച് കാറ്റഗറി 1 ൽ ഉൾപ്പെടുത്തി 2017-18 വർഷത്തെ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്/സെക്രട്ടറി, തിരുവമ്പാടി ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ ,ഐ കെ എം (ഈ പ്രോജെക്റ്റിനു മാത്രമായി സുലേഖ സോഫ്റ്റ് വെയറിൽ ഇതിനുള്ള പ്രത്യേക ക്രമീകരണം നടത്തേണ്ടതാണ് .)
.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ത.സ്വ.ഭ(ഡി.എ)വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ